## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6727** **11-11-2021 - ൽ മറുപടിയ്ക്ക്**

## തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ടെൻഡർ ആക്സപ്റ്റൻസ് കമ്മറ്റി ചേരുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവമ്പാടി പുല്ലൂരംമ്പാറ സ്റ്റേഡിയത്തിന്റെ നിർമ്മണത്തിനായി കിഫ്ബി പദ്ധതികളുടെ എസ് പി വി ആയ കിറ്റ്കോ ടെൻഡർ ക്ഷണിച്ചിരുന്നു. കുറഞ്ഞ തുകയുള്ള ബിഡ്സ് സമർപ്പിച്ച സ്വകാര്യ സ്ഥാപനത്തെക്കാൾ 6.68% ഉയർന്ന നിരക്കിലുള്ള ബിഡ്സാണ് ഉരാലുങ്കൽ ലേബർ കോൺട്രാക്റ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിരുന്നത്. നിലവിലെ നിയമമനുസരിച്ച് എൽ 1 ബിഡ്ഡർ ഒരു സ്വകാര്യ വ്യക്തി / കമ്പനി ആണെങ്കിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് 10 ശതമാനം പ്രൈസ് പ്രിഫറൻസ് നല്കേണ്ടതാണ്. എന്നാൽ കരാർ നല്കാവുന്ന അനുവദനീയമായ തുകയെക്കാൾ ഉയർന്ന തുകയാണ് ഉരാലുങ്കൽ സമർപ്പിച്ചിരുന്നത്. തുടർന്ന് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഇത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബിഡ്സ് കാലാവധി കരാറുകാർ നീട്ടാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യുകയുണ്ടായി. നിലവിൽ പദ്ധതിയുടെ റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം 4 ബിഡ്സുകൾ ലഭിച്ചിട്ടുണ്ടെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന കിറ്റ്കോ നടത്തി വരികയാണ്. ആയത് അടിയന്തിരമായി പൂർത്തിയാക്കി ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കിറ്റ്കോ ടെൻഡറുകളുടെ സാങ്കേതിക പരിശോധന പൂർത്തിയാക്കി വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ടെൻഡർ അംഗീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | തിരുവമ്പാടി പുല്ലൂരംമ്പാറ സ്റ്റേഡിയത്തിന്റെ നിർമ്മണത്തിനായി കിഫ്ബി പദ്ധതികളുടെ എസ് പി വി ആയ കിറ്റ്കോ ടെൻഡർ ക്ഷണിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | കുറഞ്ഞ തുകയ്ക്കുള്ള ബിഡ്ഡ് സമർപ്പിച്ച സ്വകാര്യ സ്ഥാപനത്തെക്കാൾ 6.68% ഉയർന്ന നിരക്കിലുള്ള ബിഡ്ഡാണ് ഉരാലുങ്കൽ ലേബർ കോൺട്രാക്ടിംഗ് കോപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിരുന്നത്. നിലവിലെ നിയമമനുസരിച്ച് എൽ 1 ബിഡ്ഡർ ഒരു സ്വകാര്യ വ്യക്തി / കമ്പനി ആണെങ്കിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 10 ശതമാനം പ്രൈസ് പ്രിഫറൻസ് നല്കേണ്ടതാണ്. എന്നാൽ കരാർ നല്കാവുന്ന അനുവദനീയമായ തുകയെക്കാൾ ഉയർന്ന തുകയാണ് ഉരാലുങ്കൽ സമർപ്പിച്ചിരുന്നത്. തുടർന്ന് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഇത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബിഡ്ഡ് കാലാവധി കരാറുകാർ നീട്ടാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യുകയുണ്ടായി. നിലവിൽ പദ്ധതിയുടെ റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം 4 ബിഡ്ഡുകൾ ലഭിച്ചിട്ടുണ്ടെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന കിറ്റ്കോ നടത്തി വരികയാണ്. ആയത് അടിയന്തിരമായി പൂർത്തിയാക്കി ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കിറ്റ്കോ ടെൻഡറുകളുടെ സാങ്കേതിക പരിശോധന പൂർത്തിയാക്കി വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ